ദൈവത്തിന്റെ ചുരുളുകൾ

DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION

"എപ്പോഴും സന്തോഷിക്കുന്നവർ"

(തിരുവചന ചിന്തകൾ)



MAY
2025

CONTENTS

- **തിരുവചന ചിന്തകൾ :**
  "യേശുക്രിസ്തുവിന്റെ കൂട്ടായ്മ" Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 11

എപ്പോഴും സന്തോഷിക്കുന്നവർ

(തിരുവചന ചിന്തകൾ)

എപ്പോഴും സന്തോഷത്തോടെ ചിരിച്ചുകൊണ്ട് സംസാരിക്കുന്നവരെ നാം കാണാറില്ലേ ? അവരുടെ സംസാരം നാം ആസ്വദിക്കുമ്പോൾത്തന്നെ അവരുടെ മുഖത്തു വിരിയുന്ന ചിരിയേയും നാം ആസ്വദിക്കുന്നു. അങ്ങനെ ചിരിക്കുന്നവർത്തന്നെ പലവിധമുണ്ടെന്നു നമുക്കു അറിയാം. ചിലർ ദുഃഖം ഉള്ളിലൊതുക്കിക്കൊണ്ടു സാഹചര്യത്തിനൊത്തവണ്ണം ചിരി എന്ന മൂടുപടം അണിയുന്നു. മറ്റുചിലർ തങ്ങളുടെ വേദനയെ മറ്റുള്ളവർ കാണാതിരിക്കേണ്ടതിനായി ചിരി എന്ന ആവരണം ധരിക്കുന്നവരാണ്. എന്നാൽ വേറെ ചിലരുണ്ട്. അവർ മറ്റുള്ളവരുടെ സന്തോഷത്തിൽ സന്തോഷിക്കുവാൻ കഴിയുന്നവരാണ്. അവരുടെ ചിരി മറ്റുള്ളവരെ സന്തോഷിപ്പിക്കുവാൻ കഴിയുന്നത്ര സ്വാധീനം ചെലുത്തുവാൻ കെല്പുള്ളവയാണ്.

ദൈവവചനം നമ്മോടു പറയുന്ന ഒരു പ്രത്യേക വാക്കുണ്ട്. എന്നാൽ മേൽപ്പറഞ്ഞ മുഖവുരയോടും ഇനി ചിന്തിക്കുവാൻ പോകുന്ന ചിന്തയിലും, ഒപ്പം നമ്മുടെ ക്രിസ്തീയ ആത്മീയ ജീവിതത്തോടും ഈ വാക്കുകൾക്കു / വാക്യങ്ങൾക്കു അഭേദ്യമായൊരു ബന്ധമുണ്ട്.

1 തെസ്സലൊനീക്യർ 5:16.
16 എപ്പോഴും സന്തോഷിപ്പിൻ;

ഫിലിപ്പിയർ 4:4
4 കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു.

ദൈവവചനം എന്താണ് നമ്മോടു സന്തോഷം എന്ന വിഷയത്തിൽ പറയുന്നത് എന്നതാണ് നാം ചിന്തിക്കുവാൻ പോകുന്നത്.

സന്തോഷം എന്നത് ഒരു വികാരമാണ് എന്നത് നമുക്കു പരിചിതമാണ്. എന്നാൽ തെസ്സലോനിക്കയിലെ വിശ്വാസികളോട് കേവലമൊരു വൈകാരികതയെ (സന്തോഷം എന്ന വികാരത്തെ) എപ്പോഴും പ്രതിഭലിപ്പിക്കേണമെന്നാണോ ലേഖകനായ പൗലോസ് ദൈവാത്മാവിൽ ആവശ്യപ്പെടുന്നത് ? ഒരിക്കലുമല്ല. അതായതു, സന്തോഷിക്കുവിൻ എന്ന (ദൈവാത്മാവിന്റെ) കല്പനയിലൂടെ അപ്പോസ്തോലനായ പൗലോസ് ആഗ്രഹിക്കുന്നത് സന്തോഷമെന്ന കേവലമൊരു വൈകാരിക പ്രകടനത്തെ വീണ്ടും വീണ്ടും ആവർത്തിക്കേണമെന്നല്ല പ്രത്യുത, ദൈവത്തോട് അടുത്തുകൊണ്ടു ദൈവത്തിൽവസിച്ചുംകൊണ്ടു ദൈവാത്മാവിൽ ജീവിച്ചുകൊണ്ട് എല്ലാ പ്രതികൂലത്തെയും ആത്മാവിൽ എല്ലായ്പ്പോഴും ആത്മശക്തിയാൽ ജയിച്ചുകൊണ്ടു, കപടതകളും നാട്യവുമൊന്നും കൂടാതെ, വചനമെന്ന സത്യത്തിൽ ഉറച്ചും കർത്താവിൽ വിശ്വസിച്ചുംകൊണ്ടു സന്തോഷിക്കുവാനാണ് ദൈവാത്മാവ് ഇപ്രകാരം ലേഖനത്തിൽ സംസാരിച്ചിരിക്കുന്നത്.

നാം ഉൾപ്പെട്ടിരിക്കുന്ന ക്രിസ്തുവിശ്വാസികളിൽ ഭൂരിഭാഗവും നിർബന്ധമായും തിരിച്ചറിയേണ്ടുന്ന ഒരു ആത്മീയ സത്യമാണ് ഈ ചെറിയ വാക്യത്തിലൂടെ ദൈവാത്മാവ് നമുക്കു വെളിപ്പെടുത്തിത്തരുന്നത്. തെസ്സലോനിക്കയിലെ വിശ്വാസികളോട് പൗലോസ് നൽകുന്ന പ്രബോധനത്തിലെ ഈ വാക്യങ്ങൾ കൂടി നമുക്കു ചേർത്ത് വായിക്കാം.

1 തെസ്സലൊനീക്യർ 5:4-5.
4 എന്നാൽ സഹോദരന്മാരേ, ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല;
5 നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു; നാം രാത്രിക്കും ഇരുളിന്നുമുള്ളവരല്ല.

നാം വെളിച്ചത്തിന്റെ മക്കളാണെന്നു ഉറപ്പിച്ചു പറഞ്ഞുകൊണ്ടാണ് ഈ പ്രബോധനത്തെ ദൈവാത്മാവ് നമ്മിലേക്കു കൈമാറുന്നത്. അതേ, കർത്തവ്യ നിർവഹണത്തിനായി അഥവാ ഉത്തരവാദിത്വത്തോടും ഗൗരവമായും നിർവഹിക്കേണ്ടുന്ന കാര്യങ്ങളെക്കുറിച്ചു ദൈവാത്മാവ് സംസാരിക്കുമ്പോൾ (വചനം) അതിൽ എപ്പോഴും സന്തോഷിക്കുക എന്നത് ദൈവാത്മാവ് ചേർത്തിരിക്കുന്നു. (വായിക്കുക)

DIVINE HOPE MISSIONARIES
BRISTOL

നമ്മെക്കുറിച്ചു ദൈവാത്മാവ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക - 'പകലിനുള്ളവർ' എന്ന് നമ്മെക്കുറിച്ചു ദൈവം പറയുന്നു. നാം വെളിച്ചത്തിന്റെ മക്കളാവുകകൊണ്ട് പകലിനായി നമ്മെ വേർതിരിച്ചിരിക്കുന്നു!

നോക്കൂ, പലപ്പോഴും നാം നമ്മെക്കുറിച്ചു പറയുന്ന വിലയിരുത്തലുകളല്ല ദൈവം നമ്മെക്കുറിച്ചു നടത്തുന്നത്. നമുക്കു നമ്മിൽത്തന്നെ അതൃപ്തികൾ തോന്നിയേക്കാം എന്നാൽ ദൈവാത്മാവ് പറയുന്നു നാം വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളുമാണെന്ന്! ഇവിടെ പറയുന്ന വെളിച്ചവും പകലും സൂര്യനെന്ന സൃഷ്ടിയെക്കുറിച്ചല്ല പ്രത്യുത, ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും സൃഷ്ടാവായ ദൈവത്തെക്കുറിച്ചാണ്. അതേ, ദൈവം നമ്മെ ദൈവത്താൽ ജനിപ്പിച്ചിരിക്കുന്നു. ഈ (പുത്രത്വം) പദവിയിലൂടെ നാം ഇരുളിനോട് ബന്ധമില്ലാത്തവരാവുകയും എല്ലായ്പ്പോഴും വെളിച്ചത്തിൽ തേജസ്സോടെ വാഴുന്നവരായും തീർന്നിരിക്കുന്നു.

ഫിലിപ്പിയർ 2:15
15 അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ടു
ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു.

ഒരു ദൈവപൈതൽ ദൈവത്തിനായി ചിന്തിക്കുന്നതും ദൈവമഹത്വത്തിനായി ജീവിക്കുന്നതും ദൈവാത്മാവിനെ പ്രാപിച്ചു ദൈവ വചന സത്യത്തിൽ നടക്കുമ്പോഴാണ്. എന്നാൽ ഇതെല്ലം ബുദ്ധിയിൽ ചിന്തിച്ചും പലരിൽനിന്നുകേട്ടും വൈകാരികമായോ ബുദ്ധിയിലോ നാം നീങ്ങുന്നു. ഇപ്രകാരം ബുദ്ധിയിൽ നീങ്ങാതെ യേശുക്രിസ്തുവിലെ വിശ്വാസത്താൽ ആത്മാവിൽ നീങ്ങുവാനാണ് നാം പരിശീലിക്കേണ്ടുന്നത്. അതിനായാണ് ദൈവാത്മാവിനാൽ കൃപാവരങ്ങൾ സഭയ്ക്കും വ്യക്തികൾക്കുമായി നൽകിയിരിക്കുന്നത്. അതേസമയംതന്നേ, ബുദ്ധിയിൽ നീങ്ങുക എന്ന അറിവുകേടിൽ നാം അകപ്പെട്ടുപോയെന്നാലും സകലവും അറിയുകയും എല്ലാം നല്ലതായി ചെയ്യുകയും ചെയ്യുന്ന ദൈവം നമ്മെ ആത്മാവിന്റെ വഴിയിലേക്ക് നടത്തുക തന്നെ ചെയ്യും, അതാണ് ദൈവത്തിന്റെ വിശ്വസ്തത.

DIVINE HOPE MISSIONARIES
BRISTOL

2 **തിമൊഥെയൊസ്** 2:11-13
11 നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും; സഹിക്കുന്നു
എങ്കിൽ കൂടെ വാഴും;
12 നാം തള്ളിപ്പറയും എങ്കിൽ അവൻ നമ്മെയും തള്ളിപ്പറയും.
13 നാം അവിശ്വസ്തരായിത്തീർന്നാലും അവൻ വിശ്വസ്തനായി
പാർക്കുന്നു; തന്റെ സ്വഭാവം ത്യജിപ്പാൻ അവന്നു കഴികയില്ലല്ലോ; ഈ
വചനം വിശ്വാസയോഗ്യമാകുന്നു.

എങ്കിലും, ബുദ്ധിയിൽ നാം ആത്മീയ ജീവിതത്തെ ഗ്രഹിക്കുന്നിടത്തോളം ദൈവത്തിന്റെ സന്തോഷം നമ്മിലേക്ക് ഒഴുകുകയില്ല. വാസ്തവത്തിൽ, ആത്മീയ സന്തോഷം ദൈവീക ദാനം തന്നേയാകുന്നു. ആ ആത്മീയ സന്തോഷത്തിലേക്കു നമ്മെ പ്രവേശിപ്പിക്കുവാൻ കൂടിയാണ് യേശുക്രിസ്തു കാൽവരിക്രൂശിൽ നമ്മുടെ പാപങ്ങൾക്കായി മരിച്ചതും അടക്കപ്പെട്ടതും മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റതും. അതായതു, ആത്മീയ സന്തോഷം എന്നത് നമ്മുടെ സാഹചര്യങ്ങൾ എല്ലാം അനുകൂലമാകുമ്പോഴും നാം സ്വസ്ഥരായിരിക്കുമ്പോഴും ഭൗമീകമായതിൽ നാം തൃപ്തിയനുഭവിക്കുമ്പോഴും മാത്രം ഉണ്ടാവുന്നതല്ല എന്ന് ചുരുക്കം.

എത്രത്തോളം നാം ദൈവാത്മാവിനെ അനുസരിക്കുന്നുവോ അത്രത്തോളം നാം ആത്മീകസന്തോഷം അനുഭവിക്കുന്നവരായിരിക്കും. ശൂന്യതകളും ആകുലതകളും നമ്മിലേക്ക് കടന്നു കൂടുവാൻ ശ്രമം നടത്തിയേക്കും, എന്നാൽ അവയൊന്നുംതന്നെ നമ്മെ കീഴ്പ്പെടുത്തുവാൻ നമ്മിൽ വസിക്കുന്ന ദൈവാത്മാവ് അനുവദിക്കുകയില്ല.

മാനുഷികങ്ങളായ കൽപനകളെയും പൈശാചികമായ ചിന്തകളെയും ജഡികമായ ആഗ്രഹങ്ങളേയും മറികടക്കുവാൻ നാം ക്രിസ്തുവിൽ പുതിയ സൃഷ്ടിയായേ തീരൂ. അപ്രകാരം ക്രിസ്തുവിൽ വീണ്ടും ജനിച്ച നാം ഇപ്പോൾ പ്രാപിച്ചിരിക്കുന്ന ആത്മശക്തിയാൽ ദിനംപ്രതി ആത്മലോകത്തിൽ നമ്മുടെ സമയം ചിലവഴിച്ചേ മതിയാവൂ.

കൊലൊസ്സ്യർ 2:20-21
20 നിങ്ങൾ ക്രിസ്തുവിനോടുകൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ
സംബന്ധിച്ചു മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെപ്പോലെ
21 മാനുഷകല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി:
പിടിക്കരുതു, രുചിക്കരുതു, തൊടരുതു എന്നുള്ള ചട്ടങ്ങൾക്കു
കീഴ്പെടുന്നതു എന്തു?
22 ഇതെല്ലാം ഉപയോഗത്താൽ നശിച്ചു പോകുന്നതത്രേ.

മേല്പറഞ്ഞതിലേക്കു ഒരിക്കൽ കൂടി വരാം. ജലസ്നാനത്തിലൂടെ നാം പുതിയസൃഷ്ടിയായി എന്ന് നാം വിശ്വസിക്കുന്നു. ശേഷം പരിശുദ്ധാത്മസ്നാനം നാം പ്രാപിച്ചുവെന്നും നാം മനസ്സിലാക്കുന്നു. എന്നാൽ ഇവയ്ക്കു ശേഷം വീണ്ടും ജനിക്കപ്പെട്ട നാം എന്ന മനുഷ്യനെ (പുതുമനുഷ്യനെ) എത്രത്തോളം നാം ദൈവാത്മാവിൽ വിട്ടുകൊടുത്തിട്ടുണ്ടെന്നു നാം സ്വയം വിലയിരുത്തട്ടെ. ദൈവരാജ്യത്തിലേക്കു/ആത്മലോകത്തിലേക്കു ആ പുതുമനുഷ്യനെ വിട്ടുകൊടുക്കാതെ നാം എങ്ങനെ ക്രിസ്തുവിനായി ജീവിക്കും ? ക്രിസ്തുവിനായി ജീവിക്കാതെ നാം എങ്ങനെ ജീവനുള്ള ദൈവത്തിന്റെ സാക്ഷിയായി നിൽക്കും? ഓർക്കുക, നാം പ്രാപിച്ചു എന്ന് നാം അവകാശപ്പെടുന്ന ആത്മശക്തി/പരിശുദ്ധാത്മ അഭിഷേകം നമ്മുടെ ജീവിതത്തിൽ ദിനംപ്രതി ഒഴുകുവാനും ആ ഒഴുക്കിൽ നമ്മുടെ ജീവിതം ദൈവത്തിനായി ശോഭിക്കാനുമായി നാം വിട്ടുകൊടുക്കേണ്ടിയിരിക്കുന്നു. ചുറ്റും നോക്കാതെ നമ്മെത്തന്നെ നോക്കുക, ക്രിസ്തുവിൽ പുതുസൃഷ്ടി ആയിത്തീർന്നിട്ടും ആത്മാവിനെ പ്രാപിച്ചിട്ടും ഇന്നും ജഡത്തിൽ വസിക്കുവാനും നമ്മുടെ ആത്മാവിന്റെമേൽപോലും കർതൃത്വം നടത്തുവാൻ നമ്മുടെ ജഡത്തെ അനുവദിച്ചുംകൊണ്ടു നാം ശീതോഷ്ണവന്മാരായിത്തീർന്നിരിക്കുന്നു. ഈ അവസ്ഥയെയാണ് നാം വെളിപ്പാട് പുസ്തകത്തിൽ കാണുന്നത്. ഈ വചനം നമ്മുടെ മുൻപിൽ ഒരു കണ്ണാടിയായി നിലകൊള്ളുന്നു.

ഈ ശീതോഷ്ണവന്മാരായ അവസ്തയിൽ നാം എങ്ങനെയാണ് 'എപ്പോഴും സന്തോഷിക്കുവിൻ' എന്ന പരിശുദ്ധാത്മാവിന്റെ ആഹ്വാനത്തെ അനുസരിക്കുന്നത് ? ഒരു മടങ്ങിവരവ് നമുക്കു ആവശ്യമായിരിക്കുന്നു. .

മടങ്ങിവരേണ്ടുന്നതു നമ്മിലെ ജഡത്തിന്റെ കർതൃത്വത്തിൽനിന്നും യേശുക്രിസ്തുവിന്റെ കർതൃത്വത്തിലേക്കാണ്. ഒപ്പം, പരിശുദ്ധാത്മാവിനു കീഴ്പ്പെടുന്ന യഥാർത്ഥ ആത്മീയ ജീവിതത്തിലേക്കുമാണ്.

ആത്മീയ ജീവിതത്തിൽ സന്തോഷിക്കുന്നവൻ എപ്പോഴും പ്രാർത്ഥിക്കും. നാവിനാൽ മാത്രമല്ല, അവന്റെ ആത്മാവ് എപ്പോഴും ദൈവാത്മാവിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കും. നമ്മുടെ ഈ ആത്മാവിലെ ജാഗരണം ദൈവം മാത്രം കേൾക്കട്ടെ. അവിടെ മാനുഷികമായ യാതൊന്നും കടത്തിവിടാതെ, ബുദ്ധിയിൽ ചിന്തിക്കാതെ ദൈവവീക മഹത്വത്തിനായി നാം പ്രാർത്ഥിക്കട്ടെ. ഈ പ്രാർത്ഥന ഒരു അനുഭവമായിത്തീരുവാൻ നമ്മുടെ ചന്തകളേയും ബുദ്ധിയെയും കർത്തൃ കരങ്ങളിലേക്ക് സമർപ്പിക്കേണ്ടതാകുന്നു. ഇങ്ങനെ ചെയ്യുമ്പോൾ സന്തോഷത്തോടെ ദൈവാത്മാവിൽ പ്രാർത്ഥിക്കുവാൻ (ദൈവത്തോട് സംസാരിക്കുവാൻ) നമുക്കു കഴിയുന്നു.

ദൈവത്തോടുള്ള വ്യക്തിപരമായ പ്രാർത്ഥനകളിൽ നാം സമയത്തെ വലിച്ചിടേണ്ട കാര്യമില്ല. അതായതു, നാമും ദൈവവും മാത്രമായി സംസാരിക്കുമ്പോൾ അത് സമയബന്ധിതമായിത്തീരേണം എന്നുള്ള വാശിപിടുത്തം നമുക്കുപേക്ഷിക്കാം. ഇങ്ങനെ ഉപേക്ഷിക്കേണമെങ്കിൽ, പ്രാർത്ഥന ഒരു സന്തോഷത്തിന്റെ സംഭാഷണമായിത്തീരണം. അങ്ങനെയെങ്കിൽ മാത്രമേ പ്രാർത്ഥന ഒരു ഭാരമാവാതെ സ്വസ്ഥത നിറഞ്ഞതും പരിശുദ്ധാത്മാവിൽ സമ്പുഷ്ടവും ദൈവയിഷ്ടത്താൽ ഉന്നതവുമായിത്തീരുകയുള്ളൂ.

നമുക്കാർക്കും മറ്റുള്ളവരുടെ പകരക്കാരനായോ ശ്രേഷ്ഠനായോ തീരുവാൻ കഴിയുകയില്ല; അതിനു കാരണം ഈ വചനം നമ്മോടു പറയുന്നു.

ഫിലിപ്പിയർ 2:1-5

1 ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ,

2 നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐകമത്യപ്പെട്ടു
ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ.
3 ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ
ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു
എണ്ണിക്കൊൾവിൻ.
4 ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം.
5 ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.

അങ്ങനെയെങ്കിൽ, ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ ആയ ഒരു മനുഷ്യനോടും നമുക്ക് നമ്മെ തുലനം ചെയ്യുവാനോ താരതമ്യം ചെയ്യുവാനോ കഴിയുകയില്ല. ഈ ഒരു തിരിച്ചറിവ് നമ്മുടെ ബുദ്ധിയെ മൂടുവാൻ ദൈവാത്മാവ് ആഗ്രഹിക്കുന്നു. ഇങ്ങനെ ജഡീകമായതും ജഡീകമയമായതും നമ്മെ, ദൈവം നൽകുന്ന ആത്മീയ സന്തോഷത്തിൽനിന്നും പിന്നോട്ട് വലിക്കുന്നു. ഇവയെ ജയിക്കുവാൻ നാം പുതിയ ഹൃദയം ദൈവത്തോട് ചോദിച്ചേ മതിയാവൂ. പുതുഹൃദയം പ്രാപിച്ചവരോ, തങ്ങളെത്തന്നെ ആത്മീയ ജീവിതത്തിനായി വിട്ടുകൊടുക്കുകയും ചെയ്യുന്നു.

പ്രിയദൈവമക്കളേ, നമ്മുടെ ഓട്ടം വീഴാത്തവണ്ണം ആയിത്തീരേണമെന്നുള്ളത് ദൈവയിഷ്ടമാകുന്നു. നാം ഒരുനാൾ ഓടിയിരുന്നുവെന്നോ, ചിലർ എന്നെ തള്ളിവീഴ്ത്തിയെന്നോ, വഴിയിൽ ക്ഷീണിച്ചുപോയെന്നോ പറയുവാൻ നമുക്ക് അവകാശമില്ല . കാരണം, വചനം പറയുന്നു -

ഫിലിപ്പിയർ 1:4
4 നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ
നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു.

ഈ ഉറപ്പു ഇന്ന് നമ്മിലുണ്ടോ? അതോ എവിടെയൊക്കെയോ ക്ഷീണത്താൽ നാം വിശ്രമിക്കുകയാണോ ? നമ്മിലെ സന്തോഷം ക്രിസ്തുവിലെ സന്തോഷത്തിന്റെ ഭൂമിയിലെ തേജസ്സിലാണോ നില്കുന്നത് ?

അതോ, ഭൗമികമായതും ജഡീകമായതുമായ ആകുലതകളിൽ നാം കിടക്കുകയാണോ ? ദൈവത്തിന്റെ സന്തോഷത്തെ വഹിക്കുന്നവരും ഇപ്പോഴും ആത്മാവിൽ പുഞ്ചിരിക്കുന്നവരുമായി നാം ആയിത്തീരേണ്ടുന്നത് മനസ്സ് പുതുക്കി നമുക്ക് രൂപാന്തരപ്പെടാം. ദൈവാത്മാവ് നമ്മിൽ പ്രവർത്തിക്കട്ടെ.

നമുക്കു പ്രാർത്ഥിക്കാം,
നല്ല ദൈവമേ ഞങ്ങൾക്കു നൽകിയ ഈ ജീവിതത്തിനായി ഞങ്ങൾ നന്ദി പറയുന്നു. ഈ ജീവിതത്തിൽ എപ്പോഴും സന്തോഷിക്കുവാൻ അങ്ങയുടെ ആത്മാവിനെ നല്കിയതോർത്തു ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. സാഹചര്യങ്ങൾക്കൊത്താവണം ജഡത്തിൽ സന്തോഷിക്കുന്നവരാകാതെ ദൈവാത്മാവിൽ, ക്രിസ്തുവിൽത്തന്നേ സന്തോഷിക്കുവാൻ അങ്ങ് ഞങ്ങളെ സഹായിക്കേണമേ. അനേകർക്കു ആശ്വാസമായി ഞങ്ങൾ ആയിത്തീരുവാനും ക്രിസ്തുവിൽ വളരുവാനും ഞങ്ങളെ ഒരുക്കേണമേ. അതിനായി ഞങ്ങളെ അങ്ങയുടെ കരത്തിലേക്ക് ഞങ്ങളെ സമർപ്പിക്കുന്നു. ഞങ്ങളുടെ ഈ യാചനയെ കേൾക്കേണമേ. യേശുക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു നല്ല പിതാവേ, ആമേൻ.

ഈ ചിന്തകളാൽ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.
God bless you all.

-ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

നാം തകർത്തതിനേയും, തകർന്ന നമ്മെത്തന്നേയും ദൈവം തന്റെ കരത്താൽ നന്നായി മെനഞ്ഞെടുക്കുന്നു.

യെശയ്യാ 64 : 8.
എങ്കിലോ യഹോവേ, നീ ഞങ്ങളുടെ പിതാവു; ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രേ;

GOD SKILLFULLY CRAFTS BOTH WHAT WE HAVE BROKEN AND OUR BROKEN SELVES IN HIS HANDS.

ISAIAH 64:8 NIV
YET YOU, LORD, ARE OUR FATHER. WE ARE THE CLAY, YOU ARE THE POTTER; WE ARE ALL THE WORK OF YOUR HAND.

- DIVINE HOPE MISSIONARIES (BRISTOL, UK)

DIVINE HOPE MISSIONARIES
BRISTOL

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL